# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 432 — 10.03.2015 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾക്കുള്ള സർക്കാർ മൂലധന സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾക്ക് സർക്കാർ മൂലധന സഹായം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇപ്രകാരം മൂലധന സഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി മൂലധന സഹായം നൽകുന്നുണ്ട്. ബാങ്കുകൾക്ക് കടം വാങ്ങാവുന്ന പരിധി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഓഹരിയായി ധനസഹായം അനുവദിക്കുന്നത്. കൂടാതെ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതിയെന്ന നിലയിൽ മൂലധന സഹായം നൽകാറുണ്ട്. ബാങ്കുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് സർക്കാർ സഹായത്തിന്റെ ഒരു വിഹിതം ഓഹരിയായിട്ട്, ഇതിനായി അംഗീകരിച്ച ചട്ടത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പൊതുവിൽ ഓഹരി അനുവദിച്ച് നൽകുന്നത്. |
| (ബി) ജില്ലാ സഹകരണ ബാങ്കുകൾക്കടക്കം മൂലധനസഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) ജില്ലാ സഹകരണ ബാങ്കുകൾക്ക് മൂലധന സഹായം നൽകാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br>കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ എന്നിവയ്ക്ക് ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി ഓഹരിയിനത്തിൽ സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ